**ഭരണഭാഷ – മാതൃഭാഷ**

നമ്പർ: കെ.ഐ.ഒ. 145/2025

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം
ഫോൺ : 0481-2562558, 9496003209
ഇ-മെയിൽ: prdktym@gmail.com
തീയതി: 03.04.2025

# താൽപര്യപത്രം ക്ഷണിച്ചു

**വിഷയം : സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികം – എന്റെ കേരളം പ്രദർശനവിപണനമേള-സാംസ്കാരിക-കലാപരിപാടികൾ സംഘടിപ്പിക്കുന്നതിന് താൽപര്യപത്രം ക്ഷണിക്കൽ സംബന്ധിച്ച്**

സൂചന : 1. പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 22/03/2025 ലെ സ.ഉ(കൈ)നം.43/2025/ജി.എ.ഡി നമ്പർ ഉത്തരവ്
2. ജില്ലാതല സംഘാടക സമിതി രൂപീകരണ യോഗത്തിന്റെ 29/03/2025 ലെ ഇതേ നമ്പർ മിനുട്സ്.
3. ബഹു. ജില്ലാ കളക്ടറുടെ 02.04.2025ലെ കെ.ഐ.ഒ. 145/2025 നമ്പർ നടപടിക്രമം
4. പ്രത്യേക സമിതിയുടെ 03.04.2025 ൽ ചേർന്ന യോഗത്തിന്റെ മിനുട്സ്

സൂചനകൾ പ്രകാരം സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികത്തോടനുബന്ധിച്ച് എന്റെ കേരളം പ്രദർശന വിപണനമേള 2025 ഏപ്രിൽ 25 മുതൽ മേയ് 1 വരെ കോട്ടയം നാഗമ്പടം മൈതാനത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് 2025 ഏപ്രിൽ 25 മുതൽ മേയ് 1 വരെ എല്ലാ ദിവസവും വൈകിട്ട് പ്രദർശന വിപണനമേള കലാവേദിയിൽ പ്രമുഖരുടെ സാംസ്കാരിക-കലാപരിപാടികൾ ഏഴ് ദിവസം സംഘടിപ്പിക്കുന്നതിന് സൂചന (2) പ്രകാരം തീരുമാനിച്ചു. 2025 ഏപ്രിൽ 25 മുതൽ മേയ് 1 വരെ ഏഴ് ദിവസം വിവിധ സാംസ്കാരിക-കലാപരിപാടികൾ അവതരിപ്പിക്കുന്നതിന്/സംഘടിപ്പിക്കുന്നതിന് ഏജൻസികൾ/സ്ഥാപനങ്ങൾ /വ്യക്തികൾ എന്നിവരിൽ നിന്ന് താൽപര്യപത്രം ക്ഷണിക്കുന്നു. സൂചന (3) പ്രകാരം രൂപീകരിച്ച പ്രത്യേക സമിതി താഴെക്കൊടുത്തിരിക്കുന്ന 22 കലാപരിപാടി കളിൽനിന്ന് ഉചിതമായ ഏഴെണ്ണം തിരഞ്ഞെടുക്കും. സമിതി നിർദ്ദേശിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട പരിപാടികൾ നിശ്ചയിക്കുന്ന ദിവസം വേദിയിൽ അവതരിപ്പിക്കേണ്ടതാണ്.


1. രൂപ രേവതി വയലിൻ ഫ്യൂഷൻ
2. രഞ്ജിനി ജോസ് ഗാനമേള/ബാൻഡ്
3. അൻവർ സാദത്ത് മ്യൂസിക് നൈറ്റ്
4. പ്രണവം ശശി നാടൻപാട്ടും ദൃശ്യാവിഷ്കാരവും
5. കനൽ നാടൻപാട്ടും ദൃശ്യാവിഷ്കാരവും
6. വൈക്കം മാളവിക നാടകം
7. മെഗാഷോ (ജില്ലയിൽനിന്നുള്ള കലാകാരന്മാടക്കം ഉൾക്കൊള്ളുന്ന മിമിക്രി, കോമഡി സ്കിറ്റ്, നൃത്തം, ഫ്യൂഷൻ സഹിതം)
8. മഹേഷ് കുഞ്ഞുമോൻ മെഗാഷോ
9. ഗ്രൂവ് ബാൻഡ്
10. മദ്രാസ് മെയിൽ ബാൻഡ്
11. അഫ്സൽ മ്യൂസിക് നൈറ്റ്
12. വിധു പ്രതാപ് ലൈവ് ബാൻഡ്
13. ആര്യ ദയാൽ ബാൻഡ്
14. ഗൗരി ലക്ഷ്മി ബാൻഡ്
15. ദലീമ ഓൾഡ് ഈസ് ഗോൾഡ് ഗാനമേള
16. അതുൽ നറുകര നാടൻപാട്ട്
17. അഞ്ജു ജോസഫ് ബാൻഡ്
18. വേടൻ ബാൻഡ്
19. ഫെജോ ബാൻഡ്
20. റിമി ടോമി ഗാനമേള
21. സൂരജ് സന്തോഷ് ലൈവ് ബാൻഡ്
22. മർസി ബാൻഡ്

ഓരോ കലാപരിപാടിക്കും പരിപാടിയുമായി ബന്ധപ്പെട്ട കലാകാരന്മാരുടെ യാത്ര, ഭക്ഷണം, താമസം, പരിപാടിയുമായി ബന്ധപ്പെട്ട മറ്റനുബന്ധ ചെലവുകൾ, ജി.എസ്.ടി./മറ്റു നികുതികൾ സഹിതമുള്ള തുകയാണ് താൽപര്യപത്രത്തിൽ രേഖപ്പെടുത്തേണ്ടത്. ഓരോ പരിപാടിയുടെയും തുക പ്രത്യേകം രേഖപ്പെടുത്തണം. പരിപാടികൾക്ക് ആവശ്യമായ സ്റ്റേജ്, ലൈറ്റ്, സൗണ്ട്, വൈദ്യുതി സംവിധാനങ്ങൾ എന്നിവ ഈ ഓഫീസ് മുഖേന ലഭ്യമാക്കും. ഏഴു ദിവസവും തുടർച്ചയായി നിശ്ചിത ദിവസം നിശ്ചിത സമയത്ത് കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് സന്നദ്ധരായ ഏജൻസി/ സ്ഥാപനം/വ്യക്തിയുടെ താൽപര്യപത്രമേ സൂചന(3) പ്രകാരം രൂപീകരിച്ച സമിതി പരിഗണിക്കൂ. ജി.എസ്.ടി. ബാധകമല്ലാത്തവർ സാക്ഷ്യപത്രം താൽപര്യപത്രത്തിനൊപ്പം നൽകണം.

ലഭിക്കുന്ന താൽപര്യപത്രങ്ങൾ സൂചന (3) പ്രകാരം രൂപീകരിച്ച പ്രത്യേക സമിതി പരിശോധിച്ച് ഉചിതമായവ തെരഞ്ഞെടുക്കുന്നതാണ്. പ്രത്യേക സമിതി തെരഞ്ഞെടുക്കുന്ന താത്പര്യപത്രം സമർപ്പിച്ച ഏജൻസി/സ്ഥാപനം/വ്യക്തി കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. സമിതി നിശ്ചയിക്കുന്ന തുകയിൽനിന്ന് /കരാറിലെ തുകയിൽനിന്ന് നിയമാനുസൃത റ്റി.ഡി.എസ്. കിഴിവുചെയ്യുന്നതാണ്. കരാറിൽ ഏർപ്പെട്ട ഏജൻസി/ സ്ഥാപനം/വ്യക്തിക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള പാൻ കാർഡ് നിർബന്ധമാണ്. ഇല്ലെങ്കിൽ നിയമാനുസൃതമായ ശതമാനം റ്റി.ഡി.എസ്. ഈടാക്കുന്നതാണ്. കരാറിൽ ഏർപ്പെടുന്ന ഏജൻസി/സ്ഥാപനം/വ്യക്തിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കരാറിൽ ഏർപ്പെടുന്ന തുക മാറിനൽകുക.

സമിതി തെരഞ്ഞെടുക്കുന്ന പരിപാടികളോ ഏതെങ്കിലും പരിപാടിയോ വൈകുകയോ നിശ്ചിതതീയതിയിൽ അവതരിപ്പിക്കാൻ കഴിയാതെയോ വന്നാൽ അതിന്റെ പൂർണ ഉത്തരവാദിത്തം കരാറിൽ ഏർപ്പെട്ട ഏജൻസി/ സ്ഥാപനം/വ്യക്തിക്ക് ആയിരിക്കും. നിശ്ചിത തീയതിയിലും സമയത്തും പരിപാടി അവതരിപ്പിക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത തുക കുറവുവരുത്താൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. കരാറിൽ ഏർപ്പെട്ട ഏജൻസി/സ്ഥാപനം/വ്യക്തിയുടെ ഉത്തരവാദിത്തമില്ലായ്മമൂലം പരിപാടി നടക്കാതിരിക്കുകയും ജില്ലാ ഇൻഫർമേഷൻ ഓഫീസർ മറ്റൊരു കലാപരിപാടി പകരം സംഘടിപ്പിക്കേണ്ടി വരുകയും ചെയ്താൽ അതിനാവശ്യമായ തുകയും പ്രത്യേക സമിതി വിലയിരുത്തി തീരുമാനിച്ച് അറിയിക്കുന്ന നഷ്ടപരിഹാരവും കരാറിൽ ഏർപ്പെട്ട ഏജൻസി/സ്ഥാപനം/വ്യക്തി ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട തർക്കങ്ങൾ, കോടതി വ്യവഹാരങ്ങൾ എന്നിവ ഉണ്ടായാൽ കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസ് സ്ഥിതി ചെയ്യുന്ന കോട്ടയം ജില്ലയുടെ അധികാരപരിധിക്കുള്ളിലായിരിക്കും നടക്കുക. സമിതി നിശ്ചയിച്ച് കരാറിൽ ഉൾപ്പെടുത്തുന്ന എല്ലാ നിബന്ധനകളും കരാറിൽ ഏർപ്പെടുന്ന ഏജൻസി/സ്ഥാപനം/വ്യക്തി പൂർണമായി നിർവഹിക്കേണ്ടതാണ്/പാലിക്കേണ്ടതാണ്.

**2025 ഏപ്രിൽ 10 ന് ഉച്ചകഴിഞ്ഞ് രണ്ടിനകം ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽസ്റ്റേഷൻ, കോട്ടയം, 686002 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ മുദ്രവച്ച കവറിൽ താൽപര്യപത്രം നൽകണം. കവറിനു പുറത്ത് സർക്കാരിന്റെ നാലാംവാർഷികാഘോഷം-കലാപരിപാടികൾ-താൽപര്യപത്രം എന്ന് രേഖപ്പെടുത്തണം.** നിശ്ചിത സമയത്തിനകം ലഭിക്കാത്തവ പരിഗണിക്കില്ല. താൽപര്യപത്രം സംബന്ധിച്ച അന്തിമതീരുമാനം പ്രത്യേക സമിതിയിലും ജില്ലാ ഇൻഫർമേഷൻ ഓഫീസറിലും നിക്ഷിപ്തമായിരിക്കും.



അരുൺ കുമാർ എ.
(പെൻ നം. 673197)
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കോട്ടയം

പകർപ്പ് :
1. പ്രസ് റിലീസ്
2. നോട്ടീസ് ബോർഡ്
3. കരുതൽ ഫയൽ
4. സമിതി അംഗങ്ങൾക്ക്
5. ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ, ഐ.& പി.ആർ.ഡി. ഡയറക്ടറേറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)